# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 2308      13.02.2013 ൽ മറുപടിക്ക്

### പെട്രോളിയം ഉത്പന്നങ്ങളുടെ അപകടരഹിതമായ ട്രാൻസ്പോർട്ടേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.ഷംസുദ്ദീൻ :<br>ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ :<br>ശ്രീ. കെ.എം.ഷാജി : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പെട്രോളിയം ഉൽപന്നങ്ങൾ അപകടരഹിതമായി ട്രാൻസ്പോർട്ട് ചെയ്യുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 336 എ യിൽ അപകടകരമായ വസ്തുക്കൾ വഹിച്ചുകൊണ്ടു പോകുന്ന വാഹനങ്ങളുടെ ഗതാഗതം രാത്രി 8.00 മണിക്കു ശേഷവും, രാവിലെ 8.00 മണിക്ക് മുമ്പുമായി നിയന്ത്രിച്ചിട്ടുണ്ട്. കൂടാതെ വാഹനങ്ങൾക്ക് വാർഷികമായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കുന്ന സമയത്തും പരിശോധന സമയത്തും ഇത്തരം വാഹനങ്ങൾ 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ 129 മുതൽ 137 വകുപ്പുകളിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താറുണ്ട്. ടാങ്കർ ലോറികൾക്കും അവയിലെ സാമഗ്രികൾക്കും Petroleum and Explosives Safety Organisation (PESO) ന്റെ സർട്ടിഫിക്കേഷൻ നല്കുകയും എക്സ്പ്ലോസീവ് ലൈസൻസ് പുതുക്കുകയും ചെയ്യണം. ഈ രേഖകൾ എണ്ണ കമ്പനികളുടെ പ്ലാന്റുകളിലും ലോഡിംഗ് സ്ഥലങ്ങളിലും പരിശോധിക്കും. സുരക്ഷാ പരിശോധനാ പട്ടിക അനുസരിച്ച് എണ്ണ കമ്പനികളുടെ പ്ലാന്റുകളിലും ലോഡിംഗ് സ്ഥലത്തും ടാങ്കറുകൾ പരിശോധിക്കുകയും ഉപയോഗക്ഷമമല്ലാത്ത ടാങ്കറുകളുടെ |

| | | | |
|---|---|---|---|
| | | | കുറവുകൾ പരിഹരിച്ചശേഷം മാത്രമേ അവ ലോഡിംഗ് ചെയ്യാൻ അനുവദിക്കുകയുള്ളു. പെട്രോളിയം ഉൽപന്നങ്ങൾ ഉൾപ്പെടെയുള്ള അപകടകരമായ വസ്തുക്കളുമായി സഞ്ചരിക്കുന്ന വാഹനങ്ങളുടെ ഇരുവശങ്ങളിലും പിൻഭാഗത്തും അടിയന്തിര ഘട്ടങ്ങളിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കണം. കൂടാതെ വാഹനത്തിന്റെ മുൻഭാഗത്ത് ഐക്യരാഷ്ട്രസഭ നിഷ്കർഷിച്ചിട്ടുള്ള അപായ സൂചനയുടെ ലേബലും ആവശ്യമാണ്. വാഹനത്തിൻെറ ഡ്രൈവർക്ക് ട്രാൻസ്പോർട്ട് എമർജൻസ് കാർഡ് (Trem Card) ഉണ്ടാകണം. ഡ്രൈവർക്ക് ഏതെങ്കിലും ഒരു ഇന്ത്യൻ ഭാഷയും ഇംഗ്ലീഷും എഴുതാനും വായിക്കാനും അറിഞ്ഞിരിക്കണം. കണ്ണൂർ ചാല അപകടത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരം വാഹനങ്ങളുടെ രാത്രികാല യാത്രാ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി | അപകടമുണ്ടായാൽ നേരിടുന്നതിന്, ഇതുമായി ബന്ധപ്പെടുന്ന എല്ലാവർക്കും പരിശീലനം നൽകാറുണ്ടോ ; | (ബി) | ഉണ്ട്. അപകടകരമായ വസ്തുക്കൾ കയറ്റുന്ന വാഹനങ്ങളുടെ ഡ്രൈവർമാർക്ക് മൂന്ന് ദിവസത്തെ പരിശീലനം നിർബന്ധമാണ്. തുടർന്ന് എല്ലാ വർഷവും ഒരു ദിവസത്തെ പരിശീലനം നേടി ലൈസൻസിൽ ചേർക്കേണ്ടതാണ്. പോലീസിൻെറ ട്രെയിനിംഗ് വേളയിൽ ഇതിലേക്ക് പ്രാഥമിക പരിശീലനവും നല്കി വരുന്നുണ്ട്. എണ്ണ കമ്പനികൾ ഡ്രൈവർമാർക്ക് സ്ഥിരമായി പ്ലാന്റുകളിലും ലോഡിംഗ് സ്ഥലങ്ങളിലും പരിശീലനം നല്കുന്നുണ്ട്. എണ്ണ കമ്പനികളിൽ ഹസാർഡസ് ഗുഡ്സ് കൈകാര്യം ചെയ്യുന്നവർക്കും പരിശീലനം നല്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈയിടെയുണ്ടായ ഇത്തരം അപകടങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ സുരക്ഷാസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ? | (സി) | ഹസാർഡസ് ഗുഡ്സ് വാഹനങ്ങൾ കൂട്ടമായി പോകുന്നതും, കൂട്ടമായി പാർക്ക് ചെയ്യുന്നതും മറ്റ് വാഹനങ്ങളുടെ സുഗമമായ പോക്കിന് തടസ്സമാകുന്നതിനാലും അത്തരത്തിലുള്ള ഒരു വാഹനത്തിന് അപകടമുണ്ടായാൽ മറ്റ് വാഹനങ്ങളും അപകടത്തിൽപ്പെടാൻ സാധ്യതയുള്ളതിനാലും ടി വാഹനങ്ങൾ കൂട്ടമായി ഓടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തണമെന്ന് എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും, എല്ലാ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. അപകടകരമായ വസ്തുക്കൾ വഹിച്ചുകൊണ്ടു പോകുന്ന ചരക്ക് വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ലൈസൻസ് നല്കുന്നത് മോട്ടോർ വാഹന നിയമം അനുശാസിക്കുന്ന എല്ലാ മാനദണ്ഡങ്ങളും കർശനമായും പാലിച്ചായിരിക്കണമെന്ന് എല്ലാ ലൈസൻസിംഗ് അതോറിറ്റികൾക്കും, അഡീഷണൽ ലൈസൻസിംഗ് അതോറിറ്റികൾക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. ഹസാർഡസ് ഗുഡ്സ് വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ലൈസൻസ് വർഷം തോറും പുതുക്കുന്നുണ്ടോ എന്ന് പരിശോധിക്കണമെന്നും, ഫയർ ആന്റ് സേഫ്റ്റി സർട്ടിഫിക്കറ്റിനൊപ്പം മെഡിക്കൽ സർട്ടിഫിക്കറ്റ്, കാഴ്ച പരിശോധനാ സർട്ടിഫിക്കറ്റ് എന്നിവ ലൈസൻസ് പുതുക്കുന്നതിന് ഹാജരാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെടുമ്പോൾ സർക്കാർ സർവ്വീസിലുള്ള ഡോക്ടർമാരുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് തന്നെ ഹാജരേക്കണ്ടതാണ് എന്ന നിബന്ധ |

| | | | |
|---|---|---|---|
| | | | നയും നിഷ്കർഷിച്ചിട്ടുണ്ട്. ഈയിടെ നടന്ന അപകടങ്ങളെ തുടർന്ന് എണ്ണ കമ്പനികൾ ഡ്രൈവർമാർക്ക് 'റിഫ്രഷർ' ട്രെയിനിംഗ് ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ